# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് അഞ്ച്

## രാജാവിന്റെ പൂർവികരും പദവിയും

### (5)

### II. അവന്റെ ജനനം

Sat ഈ ദൂതിൽ നാം ക്രിസ്തുവിന്റെ ജനനത്തിലേക്കു വരുന്നു. ക്രിസ്തുവിന്റെ ജനനം മൊത്തത്തിൽ ഒരു മർമമായതുകൊണ്ട് അതിനെക്കുറിച്ച് സംസാരിക്കുവാൻ പ്രയാസമാണ്. ഒന്നാമത്, ക്രിസ്തുവിന്റെ ജനനത്തിനുവേണ്ടിയുള്ള ഒരുക്കത്തോടു ബന്ധപ്പെട്ട ചില കാര്യങ്ങൾ നാം പരിഗണിക്കണം.

### A. ദൈവത്തിന്റെ സർവാധികാരത്താൽ

ക്രിസ്തുവിന്റെ ജനനം ദൈവത്തിന്റെ സർവാധികാരത്താൽ ഒരുക്കപ്പെട്ടതും നിർവഹിക്കപ്പെട്ടതും ആയിരുന്നു (1:18; ലൂക്കൊ. 1:26-27). ദാവീദിന്റെ സിംഹാസനത്തിനുള്ള നിയമപരമായ അവകാശിയായിരിക്കുവാൻ ക്രിസ്തുവിനെ ഉളവാക്കേണ്ടതിന് ദൈവം തന്റെ സർവാധികാരത്താൽ യേസേഫിനെയും മറിയയെയും വിവാഹത്തിൽ ഒരുമിച്ചു കൊണ്ടുവന്നു. വിവാഹം ഒരു മർമമാണ്. രണ്ടുപേരെ ഒരുമിച്ചു കൊണ്ടുവരുന്നത് എളുപ്പമല്ല, പ്രത്യേകിച്ച് അത് ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ചാകുമ്പോൾ. യോസേഫിനെയും മറിയയെയും ഒരുമിച്ചു കൊണ്ടുവരുന്നത് ലളിതമായ ഒരു കാര്യമായിരുന്നില്ല. ഇവിടെ ചരിത്രത്തിലേക്കു നോക്കുക. മത്തായിയിലുള്ള ക്രിസ്തുവിന്റെ വംശാവലി അനുസരിച്ച് യോസേഫ് മടങ്ങിവന്ന ബദ്ധനായ സെരുബ്ബാബേലിന്റെ ഒരു പിൻതലമുറക്കാരനായിരുന്നു. യെഹൂദാഗോത്രത്തിലെ ഒരു പ്രധാനിയും രാജകീയ കുടുംബത്തിലെ ഒരു പിൻതലമുറക്കാരനുമായ സെരുബ്ബാബേൽ ബദ്ധരായിരുന്നവരെ ബാബിലോണിൽനിന്നും യെരൂശലേമിലേക്കു നയിച്ചുകൊണ്ടുവന്നു (എസ്രാ 2:2). ഒടുവിൽ, അവൻ ആലയം പുനർനിർമ്മിക്കുന്നതിൽ നേതൃത്വം എടുക്കുകയും ചെയ്തു (എസ്രാ

3:8; 5:2). യോസേഫ് അവന്റെ പിൻതലമുറക്കാരനായിരുന്നു. ബദ്ധന്മാരുടെ മടങ്ങിവരവ് ഇല്ലായിരുന്നെങ്കിൽ യോസേഫ് എവിടെ ജനിക്കുമായിരുന്നു? അവൻ ബാബിലോണിൽ ജനിക്കുമായിരുന്നു. മടങ്ങിവന്ന ബദ്ധന്മാരുടെ ഒരു പിൻതലമുറക്കാരിയായ മറിയയെ സംബന്ധിച്ചും അങ്ങനെതന്നെ ആകുമായിരുന്നു. യോസേഫിന്റെയും മറിയയുടെയും പൂർവപിതാക്കന്മാർ ബാബിലോണിൽ തുടരുകയും, യോസേഫും മറിയയും അവിടെ ജനിക്കുകയും ചെയ്തിരുന്നെങ്കിൽ, യേശുവിന് മറിയയിൽനിന്ന് എങ്ങനെ ബെത്ലഹേമിൽ ജനിക്കുവാൻ കഴിയുമായിരുന്നു? യോസേഫിന്റെയും മറിയയുടെയും പൂർവപിതാക്കന്മാരെ മടക്കിക്കൊണ്ടു വരുന്നതിലുള്ള ദൈവത്തിന്റെ സർവാധികാരത്തെ നമുക്കിപ്പോൾ കാണുവാൻ കഴിയും.

ദൈവം തന്റെ സർവാധികാരത്താൽ യോസേഫിനെയും മറിയയെയും നസറെത്ത് എന്ന ഒരേ പട്ടണത്തിൽ ആക്കിവച്ചു (ലൂക്കൊ. 1:26; 2:4). അവർ തമ്മിൽ വളരെയധികം ദൂരെ ജീവിച്ചിരുന്നെങ്കിൽ, വിവാഹത്തിൽ ഒരുമിക്കുവാൻ അവർക്ക് പ്രയാസമാകുമായിരുന്നു. യോസേഫും മറിയയും മടങ്ങിവന്നവരുടെ ബദ്ധന്മാരുടെ പിൻതലമുറക്കാർ മാത്രമല്ല, അവർ ഒരേ ചെറിയ പട്ടണത്തിൽ ജീവിക്കുകയും ചെയ്തു. ഇത് അവരെ വിവാഹത്തിൽ ഒരുമിച്ചുവരാൻ അനുവദിച്ചു.

കൂടാതെ, മത്തായിയിലെയും ലൂക്കൊസിലെയും വംശാവലിയെ നാം പരിശോധിക്കുമ്പോൾ യോസേഫ് ശലോമോന്റെ രേഖയെന്ന രാജകീയ രേഖയിലെ ഒരു പിൻതലമുറക്കാരനാണെന്നും (വാ. 6-7), മറിയ നാഥാന്റെ രേഖയെന്ന സാമാന്യരേഖയിലെ ഒരു പിൻതലമുറക്കാരിയാണെന്നും നാം കണ്ടെത്തുന്നു (ലൂക്കൊ. 3:31). യോസേഫും മറിയയും വിവാഹത്തിൽ ഒരുമിച്ചു വന്നെങ്കിലും, യേശു ജനിച്ചത് യോസേഫിൽ നിന്നല്ല, മറിയയിൽ നിന്നായിരുന്നു. പ്രത്യക്ഷത്തിൽ യോസേഫിൽ നിന്നായിരുന്നു അവൻ ജനിച്ചത്, എന്നാൽ വാസ്തവത്തിൽ അവൻ മറിയയിൽ നിന്നായിരുന്നു ജനിച്ചത് (1:16). ഇത് തികച്ചും ദൈവത്തിന്റെ സർവാധികാരത്തിന്റെ ഒരു വിഷയമായിരുന്നു.

കഴിഞ്ഞ ഒരു ദൂതിൽ നാം കണ്ടതുപോലെ യിരെമ്യാവിൽ രേഖപ്പെടുത്തിയിരിക്കുന്ന ശാപം ദാവീദിന്റെ സിംഹാസനം അവകാശമാക്കുന്നതിൽനിന്നും യെഖൊന്യാവിന്റെ ഏതൊരു പിൻതലമുറക്കാരനെയും അയോഗ്യനാക്കി (യിരെ. 22:28-30). വാസ്തവത്തിൽ യേശു യോസേഫിൽനിന്നു ജനിച്ചിരുന്നെങ്കിൽ അവൻ ദാവീദിന്റെ സിംഹാസനത്തിൽനിന്ന് അയോഗ്യനാക്കപ്പെടുമായിരുന്നു. യോസേഫ് അപ്പോഴും രാജകീയ രേഖയിലായിരുന്നതിനാൽ, മനുഷ്യന്റെ ദൃഷ്ടിയിൽ അവൻ ഒരു രാജകീയ പിൻതലമുറക്കാരനായിരുന്നു. യേശുവിന്റെ അമ്മയായ മറിയയുടെ

യോസേഫുമായുള്ള വിവാഹത്തിലൂടെ യേശു ഈ രാജകീയ രേഖയുമായി പ്രത്യക്ഷത്തിൽ ബന്ധമുള്ളവനായിരുന്നു. വീണ്ടും, നാം ദൈവത്തിന്റെ സർവാധികാരത്തെ കാണുന്നു. ക്രിസ്തുവിനെ ഉളവാക്കുന്നതിന് ദൈവം ഒരു യുവതിയെ, ദാവീദിന്റെ പിൻതലമുറക്കാരിയെത്തന്നെ കണ്ടെത്തി. യേശു അവളിൽനിന്നു ജനിച്ച, ദാവീദിന്റെ സിംഹാസനം അവകാശമാക്കുവാൻ യോഗ്യനായ ദാവീദിന്റെ സന്തതിയായിരുന്നു.

ഈ സർവാധികാപരമായ ക്രമീകരണത്താൽ, യേശു ഒരു സാധാരണ വ്യക്തിയും, രാജകീയ സിംഹാസനത്തിന്റെ അവകാശിയും ആയിരുന്നു. ഇക്കാരണത്താലാണ് അവന് രണ്ടു വംശാവലികളുള്ളത്, യേശുവിന്റെ സാമാന്യ പദവിയെക്കുറിച്ചു പറയുന്ന ലൂക്കൊസിലുള്ള ഒന്നും, അവന്റെ രാജകീയ പദവിയെക്കുറിച്ചു പറയുന്ന മത്തായിയിലെ മറ്റൊന്നും. അവന്റെ സാമാന്യ പദവി മറിയയിൽനിന്നു വരുകയും അവന്റെ രാജകീയ പദവി യോസേഫിൽനിന്നു വരുകയും ചെയ്തു. അങ്ങനെ യേശു ദൈവത്തിന്റെ സർവാധികാരത്താൽ ജനിച്ചു. ദൈവത്തിന്റെ ഇത്തരത്തിലുള്ള സർവാധികാരത്തിൻകീഴിൽ നമ്മിൽ ആരും ജനിച്ചിട്ടില്ല. ഇത്തരത്തിലുള്ള സർവാധികാരത്തിൻകീഴിൽ നമ്മിൽ ആരും ജനിച്ചിട്ടില്ല. യേശു മാത്രമാണ് ഇങ്ങനെയുള്ള ഒരു സർവാധികാപരമായ ക്രമീകരണം ആസ്വദിക്കുവാൻ യോഗ്യനായിരുന്നത്.

## B. മറിയയുടെ വിധേയപ്പെടലിലൂടെ

ലൂക്കൊസ് 1:26-38 അനുസരിച്ച് ക്രിസ്തുവിന്റെ ജനനം മറിയയുടെ വിധേയപ്പെടലിലൂടെ നിർവഹിക്കപ്പെട്ടു. ഇവിടെ യുവാക്കളോട് ഒരു വാക്ക് ഞാൻ പറയട്ടെ. ഒരു കുഞ്ഞിനെ ഗർഭം ധരിക്കുവാനുള്ള നിയോഗം സ്വീകരിക്കുന്നത് മറിയയെപ്പോലുള്ള ഒരു യുവ കന്യകയ്ക്ക് എളുപ്പമല്ലായിരുന്നു. ഞാൻ അവളായിരുന്നെങ്കിൽ പറയുമായിരുന്നു, "കർത്താവേ, ഇതല്ലാതെ മറ്റെന്തെങ്കിലും ചെയ്യുവാൻ നീ എന്നോട് ആവശ്യപ്പെട്ടിരുന്നെങ്കിൽ ഞാൻ അതു ചെയ്യുമായിരുന്നു. എന്നാൽ ഒരു കുഞ്ഞിനെ ഗർഭംധരിക്കുവാൻ നീ എന്നോട് ആവശ്യപ്പെടുന്നു! ഇത് മാനുഷികമായി അസാധ്യമാണ്; ഇത് സദാചാരപരമോ ധാർമികമോ അല്ല. എനിക്കതു ചെയ്യുവാൻ കഴിയുകയില്ല!" ഈ വിവരണം വായിക്കുന്നത് നമുക്ക് എളുപ്പമാണ്. എന്നാൽ നമ്മുടെ ഇടയിലുള്ള ഒരു യുവ സഹോദരിക്ക് ഇന്നു രാത്രി ഇങ്ങനെയുള്ള ഒരു നിയോഗം സ്വീകരിക്കേണ്ടി വന്നുവെന്ന് സങ്കല്പിക്കുക. അവൾക്ക് അത് സ്വീകരിക്കുവാൻ കഴിയുമോ? ഇത് അപ്രധാനമായ ഒരു വിഷയമല്ല. മറിയ പറഞ്ഞുകാണും, "ഗബ്രിയേലേ, ഞാൻ ഒരു പുരുഷനുമായി വിവാഹനിശ്ചയം

കഴിഞ്ഞിരിക്കുന്നുവെന്ന് നിനക്കറിയില്ലേ? എനിക്കെങ്ങനെ ഒരു കുഞ്ഞിനെ ഗർഭംധരിക്കുവാൻ കഴിയും?" നമ്മിൽ ആർക്ക് ഇങ്ങനെയുള്ള ഒരു നിയോഗം സ്വീകരിക്കുവാൻ കഴിയും? ഒരു ദൂതൻ നിങ്ങളോട് ഇങ്ങനയുള്ള ഒരു കാര്യം പറഞ്ഞിരുന്നെങ്കിൽ, നിങ്ങൾക്ക് അത് സ്വീകരിക്കുവാൻ കഴിയുമായിരുന്നോ?

ദൂതന്റെ വാക്ക് ശ്രവിച്ചശേഷം മറിയ പറഞ്ഞു, "ഇതാ, കർത്താവിന്റെ അടിമ. നിന്റെ വാക്കുപ്രകാരം എനിക്കു സംഭവിക്കട്ടെ" (ലൂക്കൊ. 1:38). ഇത് ലളിതമാണെന്നു തോന്നാം, എന്നാൽ വില അത്യന്തം വലുതായിരുന്നു. ക്രിസ്തുവിനെ ഉളവാക്കേണ്ടതിന് മറിയ വളരെ വലിയൊരു വില കൊടുത്തു—അവളുടെ മുഴുവൻ ആളത്തത്തിന്റെ വില. ക്രിസ്തുവിനെ ഉളവാക്കുന്നത് എളുപ്പമല്ല; അത് വിലകുറഞ്ഞതല്ല. നാം ക്രിസ്തുവിനെ ഉളവാക്കണമെങ്കിൽ നാം ഒരു വില കൊടുക്കണം. മറിയ വില കൊടുത്തു.

മറിയയെ രഹസ്യത്തിൽ ഉപേക്ഷിക്കുവാൻ പദ്ധതിയിട്ടുകൊണ്ട് യോസേഫ് വേഗത്തിൽ പ്രതികരിച്ചു (വാ. 19). അങ്ങനെ മറിയ വിഷമത്തിലായി. ക്രിസ്തുവിനെ ഉളവാക്കുവാനുള്ള നിയോഗം നിങ്ങൾ സ്വീകരിക്കുമ്പോഴെല്ലാം നിങ്ങൾ വിഷമത്തിലാകുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. സകല ദൂതന്മാരും നിങ്ങളെ മനസ്സിലാക്കുമെങ്കിലും, ഒരു മനുഷ്യൻപോലും മനസ്സിലാക്കുകയില്ല. ആരും ഗബ്രിയേൽദൂതനെപ്പോലെ ആയിരിക്കുമെന്നു പ്രതീക്ഷിക്കരുത്. എല്ലാവരും നിങ്ങളെ തെറ്റിദ്ധരിക്കും. വാസ്തവത്തിൽ, നിങ്ങളോട് ഏറ്റവും അടുത്ത വ്യക്തി ഏറ്റവും കൂടുതൽ നിങ്ങളെ തെറ്റിദ്ധരിക്കും. എന്നിരുന്നാലും, വലിയ അളവിൽ, ക്രിസ്തുവിന്റെ ജനനം മറിയയുടെ വിധേയപ്പെടലിലൂടെ നിർവഹിക്കപ്പെട്ടു.

## C. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ

എങ്കിലും, മറിയയുടെ വിധേയപ്പെടൽ യേശുവിനെ ഗർഭംധരിക്കുന്നതിനോട് നേരിട്ട് ബന്ധപ്പെട്ടിരുന്നില്ല. യേശുവിനെ ഗർഭംധരിക്കുന്നത് പരിശുദ്ധാത്മാവിനോട് നേരിട്ട് ബന്ധപ്പെട്ടിരുന്നു (വാ. 18, 20; ലൂക്കൊ. 1:35). പരിശുദ്ധാത്മാവിനെക്കൂടാതെ, മറിയയുടെ വിധേയപ്പെടലിന് യാതൊരു അർഥവും ഉണ്ടാകുമായിരുന്നില്ല. നാം എത്രതന്നെ വിധേയപ്പെട്ടാലും പരിശുദ്ധാത്മാവിന്റെ ശക്തിയില്ലാതെ നമ്മുടെ വിധേയപ്പെടലിന് യാതൊരു അർഥവുമില്ല. നിങ്ങളുടെ വിധേയപ്പെടലിനെ വളരെ ഉന്നതമായി വിലമതിക്കരുത്. നമ്മുടെ വിധേയപ്പെടൽ അല്പമേ അർഥമാക്കുന്നുള്ളൂ; പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിലേക്കു വന്ന് ചിലതു നിർവഹിക്കുവാൻ അത് അവസരം നല്കുന്നതേയുള്ളൂ.

LD

## D. യോസേഫിന്റെ അനുസരണത്തോടും ഏകോപനത്തോടുംകൂടെ

ദൈവത്തിന്റെ സർവാധികാരവും, മറിയയുടെ വിധേയപ്പെടലും, പരിശുദ്ധാത്മാവിന്റെ ശക്തിയും ഉണ്ടായിരുന്നെങ്കിലും, യോസേഫിന്റെ അനുസരണത്തിന്റെയും ഏകോപനത്തിന്റെയും ആവശ്യം ഉണ്ടായിരുന്നു (വാ. 19-21, 24-25). യോസേഫ് ഒരു വിവാഹമോചനത്തിന് നിർബന്ധിച്ചിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു? അവൻ അതിന് പദ്ധതിയിടുകയായിരുന്നു. എങ്കിലും, ക്രിസ്തുവിന്റെ ജനനത്തിന് അവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു. അതുകൊണ്ട്, അവൻ അത്ര പരുക്കനും വേഗത്തിൽ പ്രവർത്തിക്കുന്നവനും ആയിരുന്നില്ല: മറിച്ച്, അവൻ ദാക്ഷിണ്യമുള്ളവനും വിചാരമുള്ളവനും ആയിരുന്നു. ആ സമയത്ത് യോസേഫ് ഒരു യുവാവായിരുന്നതുകൊണ്ട് യുവാക്കളോട് ഒരു വാക്കു പറയുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു: വളരെ വേഗത്തിൽ തീരുമാനങ്ങൾ എടുക്കുകയോ വളരെ പെട്ടെന്ന് പ്രവർത്തിക്കുകയോ അരുത്. അല്പം മെല്ലെയാക്കുകയും കർത്താവിന് കടന്നുവരാൻ അവസരം നൽകുകയും ചെയ്യുക. കുറഞ്ഞപക്ഷം, കാര്യത്തിന് ഒരു രാത്രി സമയം കൊടുക്കുക. ആ രാത്രിയിൽ ദൂതൻ നിങ്ങളുടെ അടുക്കൽ വന്ന് സംസാരിച്ചേക്കാം. യോസേഫിന് ഇതു സംഭവിച്ചു. അവൻ ഈ കാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, കർത്താവിന്റെ ദൂതൻ ഒരു സ്വപ്നത്തിൽ അവനു പ്രത്യക്ഷനായി (വാ. 20). യോസേഫ് ദൂതന്റെ വാക്ക് അനുസരിച്ചു.

നിങ്ങൾ ഒരു യുവതിയുമായി വിവാഹനിശ്ചയം ചെയ്തിരിക്കുന്നുവെന്നും അവൾ കുഞ്ഞിനോടുകൂടെയാണെന്നും കരുതുക. നിങ്ങൾ അപ്പോഴും അവളെ സ്വീകരിക്കുമോ? അങ്ങനെയുള്ള ഒരു സ്ത്രീയെ സ്വീകരിക്കുന്നത് തീർച്ചയായും ഒരു ലജ്ജയായിരിക്കും. അതുകൊണ്ട്, മറിയ മാത്രമല്ല ഒരു വില കൊടുത്തത്, യോസേഫും ഒരു വില കൊടുത്തു. ക്രിസ്തുവിനെ ഉളവാക്കുന്നതിന് യോസേഫ് ഒരു വലിയ വില കൊടുത്തു, കാരണം അത് ലജ്ജ സഹിക്കുവാൻ അവനെ ഇടയാക്കി.

ഈ ദൂതിൽ നാം ഇതുവരെ പറഞ്ഞ കാര്യങ്ങൾ ചെറിയ കാര്യങ്ങളാണ്. നാം ഇനി മുഖ്യമായ കാര്യങ്ങളിലേക്കു വരുന്നു.

## E. പ്രവചനങ്ങൾ നിറവേറ്റുന്നു

ക്രിസ്തുവിന്റെ ജനനം പഴയനിയമത്തിലെ പ്രവചനങ്ങളുടെ ഒരു വലിയ നിറവേറലായിരുന്നു. പഴയനിയമത്തിലെ ഒന്നാമത്തെ പ്രവചനം ഉല്പത്തി 3:15-ലാണ്. ഉല്പത്തി ഒന്നും രണ്ടും അധ്യായങ്ങളിൽ പ്രവചനങ്ങളൊന്നും ഇല്ല, എന്നാൽ മൂന്നാം

അധ്യായത്തിൽ, മനുഷ്യന്റെ വീഴ്ചയ്ക്കുശേഷം, സ്ത്രീയിലൂടെ സർപ്പം അവനെത്തന്നെ മനുഷ്യനിലേക്ക് പണിതശേഷം, ദൈവം ഒരു വാഗ്ദത്തം നൽകി. ഈ വാഗ്ദത്തം നൽകുന്നതിൽ, "സർപ്പമേ, നീ സ്ത്രീയിലൂടെ കടന്നുവന്നു. ഇനി ഞാൻ നിന്നോട് ഈ സ്ത്രീയുടെ സന്തതിയിലൂടെ ഇടപെടും" എന്ന് ദൈവം പറഞ്ഞതായി തോന്നുന്നു. അങ്ങനെ, സ്ത്രീയുടെ സന്തതിയെ സംബന്ധിച്ച വാഗ്ദത്തം വേദപുസ്തകത്തിലെ ആദ്യത്തെ പ്രവചനമാണ്.

ഒരു കുഞ്ഞിനെ ഗർഭംധരിച്ചതിലൂടെ 1:22-ലും 23-ലുമുള്ള ഈ വാഗ്ദത്തം നിറവേറി. ഈ കുഞ്ഞ് സ്ത്രീയുടെ സന്തതി യായിരിക്കുവാൻ വന്നു. ക്രിസ്തു ന്യായപ്രമാണത്തിൻകീഴിലും സ്ത്രീയിൽനിന്നും ജനിച്ചുവെന്ന് ഗലാത്യർ 4:4-ൽ പൗലൊസ് പറയുന്നു. ന്യായപ്രമാണം നിവർത്തിക്കുവാൻ മാത്രമല്ല ക്രിസ്തു വന്നത്, സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്ന വാഗ്ദത്തം നിവർത്തിക്കുവാനുമാണ്.

ഉല്പത്തിയിൽനിന്നും നാം യെശയ്യാവ് 7:14-ലേക്ക് മുന്നോട്ടു പോകുന്നു, അവിടെ ക്രിസ്തുവിനെ സംബന്ധിച്ച മറ്റൊരു വാഗ്ദത്തമുണ്ട്. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും." ഈ വാഗ്ദത്തത്തിന്റെ നിറവേറൽ ദൈവത്തെ മനുഷ്യനിലേക്കു കൊണ്ടുവന്നു. ഹല്ലേലൂയ്യാ, ദൈവം മനുഷ്യനായിത്തീർന്നു!

## F. ദൈവം ജഡമായിത്തീരുന്നു

എങ്കിലും, ദൈവം ജഡമായിത്തീർന്നു എന്നു പറയുന്ന ഒരു വാക്യം കണ്ടെത്തുക പ്രയാസമാണ്. ഇതാണ് വേദപുസ്തകം പറയുന്നത്: "വചനം ദൈവം ആയിരുന്നു... വചനം ജഡമായിത്തീർന്നു" (യോഹ. 1:1, 14). മനുഷ്യൻ എന്നത് ഒരു നല്ല പദമാണ്, എന്നാൽ ജഡം നല്ലതല്ല. നിങ്ങൾ ഒരു മനുഷ്യനാണെന്ന് ഞാൻ പറയുന്നുവെങ്കിൽ നിങ്ങൾ സന്തോഷവാനായിരിക്കും. എന്നാൽ നിങ്ങൾ ജഡമാണെന്ന് ഞാൻ പറയുന്നുവെങ്കിൽ, ജഡം അനുലോമപരമായ ഒരു പദമല്ലാത്തതുകൊണ്ട് നിങ്ങൾ സന്തോഷവാനായിരിക്കുകയില്ല. 1 തിമൊഥെയൊസ് 3:16-ൽ പൗലൊസ് പറയുന്നു, "മർമം വലിയതാകുന്നു: അവൻ ജഡത്തിൽ വെളിപ്പെട്ടു." ജഡം ഒരു നല്ല പദമല്ലെങ്കിലും ദൈവം ജഡത്തിൽ വെളിപ്പെട്ടുവെന്ന് വേദപുസ്തകം പറയുന്നു.

ജഡം എന്നതിലൂടെ വേദപുസ്തകം എന്താണ് അർഥമാക്കുന്നതെന്ന് മനസ്സിലാക്കുന്നത് എളുപ്പമല്ല. വേദപുസ്തകത്തിൽ ജഡത്തിന് ഏറ്റവും കുറഞ്ഞത് മൂന്ന് അർഥങ്ങളുണ്ട്. ഒന്നാമത്, ഒരു നല്ല അർഥത്തിൽ, അത് നമ്മുടെ ശരീരത്തിലെ മാംസമാണ് (യോഹ. 6:55). നമ്മുടെ ശരീരത്തിന് മാംസവും അസ്ഥിയും, രക്തവും ചർമ്മവും ഉണ്ട്. ഇത് ഭൗതികമാണ്. രണ്ടാമത്, ജഡം അർഥമാക്കുന്നത് വീണുപോയ നമ്മുടെ ശരീരത്തെയാണ്.

വീണുപോയ ജഡത്തെയല്ല ദൈവം സൃഷ്ടിച്ചത്; അവൻ ഒരു ശരീരത്തെ സൃഷ്ടിച്ചു. മനുഷ്യൻ വീണുപോയപ്പോൾ സാത്താന്റെ വിഷം അവന്റെ ശരീരത്തിലേക്ക് കുത്തിവയ്ക്കപ്പെടുകയും, ശരീരം മലിനമാക്കപ്പെടുകയും ജഡമായിത്തീരുകയും ചെയ്തു. അതുകൊണ്ട്, റോമർ 7:18 പറയുന്നു, "എന്നിൽ, അതായത് എന്റെ ജഡത്തിൽ, യാതൊരു നന്മയും വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു."പാപശരീരമായ (റോമ. 6:6) വീണുപോയ ശരീരത്തെ ജഡം എന്നു വിളിക്കുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. എല്ലാ മാനുഷിക മോഹങ്ങളും ഈ ജഡത്തിൽനിന്നു വരുന്നു. തന്മൂലം, "ജഡമോഹങ്ങൾ" (എഫെ. 2:3) എന്ന പ്രയോഗം പുതിയനിയമത്തിലുണ്ട്. മൂന്നാമത്, പ്രത്യേകിച്ചും പുതിയനിയമത്തിൽ, ജഡം അർഥമാക്കുന്നത് വീണുപോയ മനുഷ്യനെയാണ്. റോമർ 3:20 പറയുന്നു, "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ മുമ്പാകെ നീതീകരിക്കപ്പെടുകയില്ല." ഈ വാക്യത്തിൽ ജഡം വീണുപോയ മനുഷ്യനാണ്.

എന്നിരുന്നാലും യോഹന്നാൻ 1:14 പറയുന്നു, "(ദൈവമായ) വചനം ജഡമായിത്തീർന്നു." നാം കണ്ടതുപോലെ, ജഡം അർഥമാക്കുന്നത് വീണുപോയ മനുഷ്യനെയാണ്. അപ്പോൾ നാം എങ്ങനെ യോഹന്നാൻ 1:14-നെ വ്യാഖ്യാനിക്കും? വചനം ദൈവമായിരുന്നു, വചനം ജഡമായിത്തീർന്നു. ദൈവം ജഡത്തിൽ വെളിപ്പെട്ടു എന്ന മർമം വലിയതാണ്. ദൈവം ജഡമായിത്തീർന്നുവെന്നും ജഡം സൃഷ്ടിക്കപ്പെട്ട മനുഷ്യനല്ല, വീണുപോയ മനുഷ്യനാണെന്നും വേദപുസ്തകം പറയുന്നു. ദൈവം വീണുപോയ ഒരു മനുഷ്യനായിത്തീർന്നു എന്ന് നമുക്ക് പറയുവാൻ കഴിയുമോ? ഇത് തീർച്ചയായും പ്രയാസമുള്ള ഒരു വിഷയമാണ്.

എങ്കിലും, നമ്മെ സഹായിക്കുവാൻ കഴിയുന്ന രണ്ടു വാക്യങ്ങളുണ്ട്. ഒന്നാമത്തെ വാക്യം റോമർ 8:3 ആണ്, അതു പറയുന്നു, "ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ അയച്ചു." "പാപജഡം" എന്ന് ഈ വാക്യം പറയുന്നില്ല, "പാപജഡത്തിന്റെ സാദൃശ്യത്തിൽ" എന്ന് അതു പറയുന്നു. മറ്റൊരു വാക്യം യോഹന്നാൻ 3:14 ആണ്: "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനും ഉയർത്തപ്പെടേണം." മരുഭൂമിയിൽ ഒരു കൊടിമരത്തിൽ ഉയർത്തപ്പെട്ട സർപ്പം വാസ്തവത്തിൽ വിഷമുള്ള ഒരു സർപ്പമായിരുന്നില്ല; അത് ഒരു യഥാർഥ സർപ്പത്തിന്റെ സാദൃശ്യത്തിൽ ഉണ്ടാക്കപ്പെട്ട ഒരു പിച്ചള സർപ്പമായിരുന്നു (സംഖ്യ 21:9). യോഹന്നാൻ 3:14 നിക്കോദേമൊസിനോടുള്ള കർത്താവായ യേശുവിന്റെ വാക്കായിരുന്നു. മരുഭൂമിയിൽ മോശെ സർപ്പത്തെ ഉയർത്തിയതുപോലെ താനും ക്രൂശിൽ ഉയർത്തപ്പെടേണ്ടതാണെന്ന് കർത്താവ് അവനോടു പറഞ്ഞു.

യേശു ക്രൂശിലായിരുന്നപ്പോൾ, ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ ഒരു സർപ്പത്തിന്റെ രൂപത്തിൽ, സാദൃശ്യത്തിൽ ആയിരുന്നു. എന്നാൽ മരുഭൂമിയിലെ പിച്ചള സർപ്പത്തിന്റെ കര്യമെന്നപോലെ കർത്താവിൽ വിഷം ഉണ്ടായിരുന്നില്ല, കാരണം അവൻ വീണുപോയ ഒരു മനുഷ്യനിൽനിന്നു ജനിച്ചവനല്ലായിരുന്നു. അവൻ ഒരു കന്യകയിൽനിന്നു ജനിച്ചവനായിരുന്നു.

ഇനി നാം രണ്ടു കാര്യങ്ങളെ വ്യക്തമായി വിവേചിക്കണം: ക്രിസ്തു പരിശുദ്ധാത്മാവിനാൽ ഗർഭംധരിക്കപ്പെട്ടവനായിരുന്നു എന്നതും അവൻ ഒരു കന്യകയിൽനിന്നു ജനിച്ചവനായിരുന്നു എന്നതും. അവന്റെ സ്രോതസ്സ് പരിശുദ്ധാത്മാവും അവന്റെ മൂലകം ദിവ്യവും ആയിരുന്നു. ഒരു മുഖാന്തരമെന്ന നിലയിൽ കന്യകയായ മറിയയിലൂടെ അവൻ മനുഷ്യപ്രകൃതമായ മാംസവും രക്തവും ധരിക്കുകയും, "ജഡത്തിന്റെ സാദൃശ്യം," "മനുഷ്യസാദൃശ്യം" (ഫിലി. 2:7) എടുക്കുകയും ചെയ്തു. എങ്കിലും, വീണുപോയ ജഡത്തിന്റെ പാപകരമായ പ്രകൃതം അവന് ഉണ്ടായിരുന്നില്ല. അവൻ പാപം അറിഞ്ഞില്ല (2 കൊരി. 5:21); അവനിൽ പാപം ഉണ്ടായിരുന്നില്ല (എബ്രാ. 4:15). അവന് ജഡം ഉണ്ടായിരുന്നു, എന്നാൽ അത് "പാപജഡത്തിന്റെ സാദൃശ്യം" ആയിരുന്നു. കാഴ്ചയിൽ അവൻ വീണുപോയ ഒരു മനുഷ്യന്റെ രൂപത്തിൽ ഉണ്ടാക്കപ്പെട്ടിരുന്നു, എന്നാൽ വാസ്തവത്തിൽ അവന്റെ ഉള്ളിൽ വീഴ്ച ഭവിച്ച പ്രകൃതം ഇല്ലായിരുന്നു. അവന്റെ ജനനം കൃത്യമായും ഇതേ തത്ത്വത്തിൽ ആയിരുന്നു. കാഴ്ചയിൽ അവൻ യോസേഫിന്റെ മകനായിരുന്നു, എന്നാൽ വാസ്തവത്തിൽ അവൻ മറിയയുടെ മകനായിരുന്നു.

കർത്താവായ യേശു ക്രൂശിലായിരുന്നപ്പോൾ ദൈവം എന്തുകൊണ്ടാണ് അവനെ ഒരു സർപ്പത്തിന്റെ രൂപത്തിലായിരുന്നവനായി വീക്ഷിച്ചത്? കാരണം, മനുഷ്യൻ വീണുപോയ ദിവസം മുതൽ (ഉല്പ. 3:1) സർപ്പം മനുഷ്യനിലായിരിക്കുകയും, അവൻ സകല മനുഷ്യനെയും ഒരു സർപ്പമാക്കുകയും ചെയ്തു. മത്തായി 3:7-ഉം 23:33-ഉം അനുസരിച്ച് യോഹന്നാൻ സ്നാപകനും കർത്താവായ യേശുവും ജനത്തെ "സർപ്പസന്തതികളേ," അതായത്, സർപ്പങ്ങളേ എന്നു വിളിച്ചു. വീണുപോയ സകലരും സർപ്പത്തിന്റെ പിൻതലമുറക്കാരാണെന്ന് അതു സൂചിപ്പിക്കുന്നു. നാം എല്ലാവരും ചെറിയ പാമ്പുകളാണ്. നിങ്ങൾ നല്ലവനാണെന്നു ചിന്തിക്കരുത്. നിങ്ങൾ രക്ഷിക്കപ്പെടുന്നതിനുമുമ്പ് നിങ്ങളൊരു സർപ്പമായിരുന്നു. ഇതു നിമിത്തമാണ് കർത്താവായ യേശു ദൈവത്തിന്റെ ന്യായവിധി അനുഭവിക്കുവാൻ ക്രൂശിൽ മരിച്ചത്. യേശു ക്രൂശിലായിരുന്നപ്പോൾ അവൻ മനുഷ്യൻ മാത്രമായിരുന്നില്ല, ഒരു സർപ്പത്തിന്റെ രൂപത്തിലും ആയിരുന്നു. നാം എല്ലാവരും സർപ്പസ്വഭാവമുള്ള ജനമായതിനാൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ ഒരു സർപ്പത്തിന്റെ രൂപമെടുക്കുകയും ക്രൂശിൽ മരിക്കുകയും

ചെയ്യു. യേശു ഒരു സർപ്പത്തിന്റെ രൂപം, പാപജഡത്തിന്റെ സാദൃശ്യം, എടുത്തുവെന്ന് ഒരുപക്ഷെ നിങ്ങൾ ഒരിക്കലും കേട്ടിട്ടുണ്ടാവില്ല. യേശു ദൈവമാണെന്നും അവൻ ഒരു മനുഷ്യന്റെ രൂപമെടുത്തുവെന്നും നിങ്ങൾ കേട്ടിട്ടുണ്ട്; എന്നാൽ അവൻ ഒരു സർപ്പത്തിന്റെ രൂപമെടുത്തുവെന്ന് കേട്ടിട്ടുണ്ടാവില്ല. അവൻ എത്ര അത്ഭുതവാനാണ്!

നാം വീണുപോയ ജഡമായതിനാൽ, ദൈവത്തെ മനുഷ്യവർഗത്തിലേക്കു കൊണ്ടുവരേണ്ടതിന് യേശു ഈ ജഡത്തിലേക്കു വന്നു. അവനിൽ, ദൈവമെന്ന ദിവ്യവ്യക്തി മനുഷ്യത്വവുമായി ഇഴുകിച്ചേർന്നു. ക്രിസ്തുവിന്റെ ജനനം ഒരു രക്ഷിതാവിനെ ഉളവാക്കുക എന്നതു മാത്രമായിരുന്നില്ല, അത് ദൈവത്തെ മനുഷ്യനിലേക്കു കൊണ്ടുവരുക എന്നതുമായിരുന്നു. മനുഷ്യവർഗം വീണുപോയിരുന്നെങ്കിലും, ദൈവം വീണുപോയ ഈ പ്രകൃതത്തിന്റെ യാതൊരു ഭാഗവും എടുത്തില്ല. വീണുപോയ ജഡത്തിന്റെ സാദൃശ്യം മാത്രമേ ദൈവം എടുത്തുള്ളൂ; ഇതിലൂടെ അവനെത്തന്നെ മനുഷ്യവർഗവുമായി അവൻ ഇഴുകിച്ചേർത്തു. മറ്റനേകർ യേശുവിനെക്കുറിച്ച് ചിന്തിക്കുന്നതുപോലെ നാം അവനെക്കുറിച്ച് ചിന്തിക്കരുത്. മനുഷ്യവർഗത്തിന്റെ രൂപമെടുത്തവനും, എന്നാൽ മനുഷ്യന്റെ പാപകരമായ പ്രകൃതമില്ലാത്തവനുമായ യേശു വീണുപോയ മനുഷ്യവർഗവുമായി ഇഴുകിച്ചേർന്ന ദൈവത്തിൽ കുറഞ്ഞ് മറ്റൊന്നുമല്ലെന്ന് നാം തിരിച്ചറിയണം. ഇതായിരുന്നു ക്രിസ്തുവിന്റെ ജനനം.

Mon

## G. യേശു ആയിരിക്കാനുള്ള യഹോവ

ഈ അത്ഭുതകരമായ രീതിയിൽ ജനിച്ച അത്ഭുതവാൻ യഹോവയാണ്. അവൻ യഹോവ മാത്രമല്ല—അവൻ മറ്റു ചിലതോടുകൂടിയ യഹോവയാണ്. യേശു എന്ന പേര് അർഥമാക്കുന്നത് "രക്ഷകനായ യഹോവ" അഥവാ "യഹോവയുടെ രക്ഷ" എന്നാണ് (മത്താ. 1:21). ഈ അത്ഭുതവാനായ വ്യക്തി, യഹോവ ജനത്തിനു നൽകുന്ന രക്ഷ തന്നെയാണ്. അവൻതന്നെയാണ് രക്ഷ. യഹോവതന്നെ രക്ഷയായിത്തീരുന്നതു കൊണ്ട് അവൻ രക്ഷകനാണ്.

നാം യേശുവിനെ വിളിക്കുമ്പോൾ നാം ഒരു മനുഷ്യന്റെ പേരു മാത്രമാണു വിളിക്കുന്നതെന്നു ചിന്തിക്കരുത്. യേശു കേവലം ഒരു മനുഷ്യനല്ല; അവൻ നമ്മുടെ രക്ഷയായ യഹോവ, നമ്മുടെ രക്ഷകനായ യഹോവ ആണ്. ഇത് ലളിതമാണെങ്കിലും അഗാധമാണ്. നിങ്ങൾ യേശുവിനെ വിളിക്കുമ്പോൾ നിങ്ങളുടെ രക്ഷകനായ യഹോവയെ, നിങ്ങളുടെ രക്ഷയായ യഹോവയെ നിങ്ങൾ വിളിക്കുകയാണെന്ന് സർവപ്രപഞ്ചവും മനസ്സിലാക്കുന്നു.

യെഹൂദന്മാർ യഹോവയിൽ വിശ്വസിക്കുന്നെങ്കിലും യേശുവിൽ വിശ്വസിക്കുന്നില്ല. ഒരർഥത്തിൽ, അവർക്ക് യഹോവയുണ്ട്, എന്നാൽ അവർക്ക് രക്ഷയോ രക്ഷകനോ ഇല്ല. യെഹൂദന്മാർക്കുള്ളതിനെക്കാൾ കൂടുതൽ നമുക്കുണ്ട്, കാരണം നമുക്ക് രക്ഷകനായ യഹോവ, നമ്മുടെ രക്ഷയായ യഹോവ ഉണ്ട്. ഇതുകൊണ്ടാണ് യേശുവിന്റെ നാമത്തെ വിളിക്കുമ്പോൾ നമുക്ക് ഇങ്ങനെയുള്ള അത്ഭുതകരമായ ഒരു അനുഭൂതി ഉള്ളത്. നിങ്ങൾ യേശുവിനെ വെറുക്കുന്നു എന്നു പറയുന്നുവെങ്കിൽപോലും, അപ്പോഴും നിങ്ങളുടെ ഉള്ളിൽ ഒരു അനുഭൂതി ഉണ്ടായിരിക്കും. "ഞാൻ എബ്രഹാം ലിങ്കനെ വെറുക്കുന്നു" എന്നു നിങ്ങൾ പറയുന്നുവെങ്കിൽ, യാതൊരു അനുഭൂതിയും ഉണ്ടായിരിക്കുകയില്ല. "ഞാൻ യേശുവിനെ വെറുക്കുന്നു" എന്നു നിങ്ങൾ പറയുന്നുവെങ്കിൽ, അല്പം അനുഭൂതിയുണ്ട്. എബ്രഹാം ലിങ്കണുമായി നിങ്ങൾക്ക് യാതൊരു കാര്യവുമില്ല, എന്നാൽ യേശുവുമായി ഉണ്ട്. "ഞാൻ യേശുവിനെ വെറുക്കുന്നു" എന്ന് അനേകർ പറഞ്ഞിട്ടുണ്ട്, എന്നാൽ പിന്നീട് അവർ യേശുവിനാൽ പിടിക്കപ്പെട്ടു. യേശുവിന്റെ നാമത്തെ വിളിക്കുന്ന ഏവനും രക്ഷിക്കപ്പെടും. നിങ്ങൾ യേശുവിന്റെ നാമത്തെ സ്പർശിക്കുന്നുവെങ്കിൽ, നിങ്ങൾ അവനാൽ സ്പർശിക്കപ്പെടും. നാം സുവിശേഷം പ്രസംഗിക്കുമ്പോൾ, യേശുവിനെ വിളിക്കുവാൻ ജനത്തെ സഹായിക്കുന്നത് നല്ലതാണ്. അവർ യേശുവിനെ വിളിക്കുന്നിടത്തോളം ചിലതു സംഭവിക്കും.

യേശു യഹോവ ആയതുകൊണ്ട് യേശു എന്നത് അത്ഭുതകരമായ ഒരു നാമമാണ്. ഉല്പത്തി 1-ൽ യഹോവ എന്ന നാമം നാം കാണുന്നില്ല. ദൈവം എന്ന നാമം മാത്രമേ ഉള്ളൂ. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." ഏലോഹീം—ദൈവം—സൃഷ്ടിപ്പിന്റെ ദൈവത്തിനുള്ള ഒരു പദമാണ്. ഉല്പത്തി 2 വരെ ഉപയോഗിക്കാത്ത യഹോവ എന്ന നാമം ദൈവം മനുഷ്യനോട് ബന്ധപ്പെടുമ്പോൾ ഉപയോഗിച്ചു. യേശു എന്ന നാമം യഹോവയോടു ചിലതു കൂട്ടിച്ചേർത്തതാണ്—അതായത്, നമ്മുടെ രക്ഷയായ യഹോവ, നമ്മുടെ രക്ഷകനായ യഹോവ.

യേശു യഥാർഥ യോശുവ ആണ് (സംഖ്യ 13:16; എബ്രാ. 4:8). യോശുവ എന്നത് യേശുവിന്റെ എബ്രായ തത്തുല്യ നാമവും, യേശു എന്നത് യോശുവയുടെ യവന പരിഭാഷയും ആണ്. മോശെ ദൈവത്തിന്റെ ജനത്തെ മിസ്രയീമിൽനിന്നും പുറത്തുകൊണ്ടുവന്നു, എന്നാൽ യോശുവ അവരെ വിശ്രമത്തിലേക്കു കൊണ്ടുവന്നു. നമ്മുടെ യഥാർഥ യോശുവ എന്ന നിലയിൽ യേശു നമ്മെ വിശ്രമത്തിലേക്കു കൊണ്ടുവരുന്നു. യേശു വിശ്രമമാണെന്നും അവൻ നമ്മെ വിശ്രമത്തിലേക്കു കൊണ്ടുവരുന്നുവെന്നും മത്തായി 11:28-ഉം 29-ഉം നമ്മോടു പറയുന്നു. യേശു നമ്മുടെ യഥാർഥ

യോശുവയാണെന്ന് എബ്രായർ 4:8, 9, 11 എന്നീ വാക്യങ്ങളും പറയുന്നു. എബ്രായഭാഷയിലുള്ള പഴയനിയമത്തിലെ യോശുവ യവനഭാഷയിലുള്ള എബ്രായലേഖനത്തിലെ യേശുവായിത്തീരുന്നു. എബ്രായർ 4-ൽ പറഞ്ഞിരിക്കുന്ന യേശു നമ്മുടെ യോശുവ ആണ്.

യേശു യോശുവ ആയതുകൊണ്ടും, യോശുവ യേശു ആയതുകൊണ്ടും, യോശുവയിൽനിന്നും യേശുവിനെ വേർപിരിക്കുന്നത് പ്രയാസമാണ്. ഇന്ന്, യേശു നമ്മെ വിശ്രമത്തിലേക്ക്, നല്ലദേശത്തിന്റെ വിശ്രമത്തിലേക്ക് കൊണ്ടുവരുന്ന നമ്മുടെ യഥാർഥ യോശുവയാണ്. അവൻ നമ്മെ പാപത്തിൽനിന്നും രക്ഷിക്കുന്ന നമ്മുടെ രക്ഷകൻ മാത്രമല്ല, പിന്നെയോ നല്ലദേശം എന്ന വിശ്രമത്തിലേക്ക് നമ്മെ കൊണ്ടുവരുന്ന നമ്മുടെ യോശുവയും ആണ്. നാം അവന്റെ നാമത്തെ വിളിച്ചപേക്ഷിക്കുമ്പോഴെല്ലാം അവൻ നമ്മെ പാപത്തിൽനിന്നു രക്ഷിക്കുകയും വിശ്രമത്തിലേക്ക്, അവന്റെതന്നെ ആസ്വാദനത്തിലേക്ക്, കൊണ്ടുവരുകയും ചെയ്യുന്നു. യേശു എന്ന നാമം ഒരു ദിവസം ആയിരം പ്രാവശ്യം പറയുന്നതിനെക്കുറിച്ച് ഒരു കീർത്തനത്തിലെ ഒരു വരി പറയുന്നു. നിങ്ങൾ "യേശു" എന്ന് എത്രയധികം പറയുന്നുവോ അത്രയും നല്ലത്. എല്ലാ സമയത്തും യേശുവിന്റെ നാമത്തെ സംസാരിക്കുവാൻ നാം പഠിക്കണം. യേശു നമ്മുടെ രക്ഷയാണ്. യേശു നമ്മുടെ വിശ്രമവും ആണ്. കർത്താവായ യേശുവിന്റെ നാമത്ത വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടുകയും വിശ്രമത്തിലേക്കു പ്രവേശിക്കുകയും ചെയ്യും.

## H. ഇമ്മാനൂവേലായിരിക്കാനുള്ള ദൈവം

1:23-ൽ നമുക്ക് മറ്റൊരു അത്ഭുതകരമായ പേരുണ്ട്—ഇമ്മാനൂവേൽ. യേശു എന്നത് ദൈവത്താൽ നൽകപ്പെട്ട പേരായിരുന്നു, എന്നാൽ ഇമ്മാനൂവേൽ മനുഷ്യരാൽ വിളിക്കപ്പെട്ട പേരായിരുന്നു. ഇമ്മാനൂവേലിന്റെ അർഥം "ദൈവം നമ്മോടുകൂടെ" എന്നാണ്. രക്ഷകനായ യേശു നമ്മോടുകൂടെയുള്ള ദൈവമാണ്. അവനെക്കൂടാതെ നമുക്ക് ദൈവത്തെ സന്ധിക്കുവാൻ കഴിയുകയില്ല, കാരണം അവൻ ദൈവവും, ദൈവം അവനുമാണ്. അവനെക്കൂടാതെ നമുക്ക് ദൈവത്തെ കണ്ടെത്തുവാൻ കഴിയുകയില്ല, കാരണം അവൻ നമ്മുടെ ഇടയിൽ പാർക്കുവാൻ ജഡാവതാരമെടുത്ത ദൈവം തന്നെയാണ് (യോഹ. 1:14).

യേശു ദൈവം മാത്രമല്ല; അവൻ നമ്മോടുകൂടെയുള്ള ദൈവമാണ്. "നമ്മോട്" എന്നത് രക്ഷിക്കപ്പെട്ട ജനത്തെ പരാമർശിക്കുന്നു. "നമ്മോടുകൂടെ" എന്നത് നാം ആണ്. ദിനംപ്രതി നമുക്ക് ഇമ്മാനൂവേൽ ഉണ്ട്. രണ്ടോ മൂന്നോ പേർ അവന്റെ നാമത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുമ്പോഴൊക്കെയും

അവൻ അവരോടുകൂടെ ഉണ്ടായിരിക്കുമെന്ന് മത്തായി 18:20-ൽ യേശു പറഞ്ഞു. ഇതാണ് ഇമ്മാനൂവേൽ. ക്രിസ്ത്യാനികളായ നാം കൂടിവരുമ്പോഴെല്ലാം അവൻ നമ്മുടെ മധ്യേയുണ്ട്. ഈ സുവിശേഷത്തിന്റെ അവസാന വാക്യമായ മത്തായി 28:20-ൽ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "ഇതാ, ഞാൻ യുഗത്തിന്റെ പരിണതിയോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്." ഇമ്മാനൂവേലെന്ന നിലയിൽ യേശു ഇന്ന് ഇവിടെയുണ്ട്. മത്തായിയുടെ സുവിശേഷമനുസരിച്ച് യേശു വന്നു, എന്നാൽ അവൻ ഒരിക്കലും എങ്ങും പോയില്ല. മൂന്നു ദിവസത്തേക്ക് അവൻ കല്ലറയിൽ അടക്കപ്പെട്ടിരുന്നു, എന്നാൽ അവൻ പുനരുത്ഥാനത്തിൽ വരുകയും ഒരിക്കലും വിട്ടുപോകാതെയുമിരുന്നു. ഇമ്മാനൂവേലായി അവൻ നമ്മോടകൂടെ ഉണ്ട്.

നാം യേശുവിനെ വിളിക്കുമ്പോൾ, ദൈവം നമ്മോടുകൂടെ ഉണ്ടെന്ന ബോധം നമുക്കുണ്ട്. നാം യേശുവിനെ വിളിക്കുന്നു, എന്നാൽ നമുക്ക് ദൈവമുണ്ട്. ചിലപ്പോൾ ക്രിസ്ത്യാനികളായ നാം വിവേകശൂന്യരാണ്. നാം യേശുവിനെ വിളിക്കുകയും നാം ദൈവത്തെ കണ്ടെത്തുകയും ചെയ്യുന്നു; എന്നിട്ടും യേശു ദൈവമാണോ അല്ലയോ എന്ന് നാം അത്ഭുതപ്പെടുന്നു. യേശു ദൈവമാണ്! അവൻ ദൈവം മാത്രമല്ല—അവൻ നമ്മോടുകൂടെയുള്ള ദൈവമാണ്. നാം യേശുവിനെ വിളിക്കുമ്പോൾ നമുക്ക് യഹോവയുണ്ട്, നമുക്ക് രക്ഷകനുണ്ട്, നമുക്ക് രക്ഷയുണ്ട്, നമുക്ക് നമ്മോടുകൂടെയുള്ള ദൈവവും ഉണ്ട്. നാം ആയിരിക്കുന്ന ഇടത്ത് നമുക്ക് ദൈവമുണ്ട്.

## I. രാജാവായിരിക്കുവാൻ ജഡത്തിൽ ജനിച്ച യഹോവയായ ദൈവം

യഹോവയായ ദൈവം എന്ന ഈ യേശു ദാവീദിന്റെ സിംഹാസനം അവകാശമാക്കുന്നതിന് രാജാവാകുവാൻ ജഡത്തിൽ ജനിച്ചു (1:20; ലൂക്കൊ. 1:27, 32-33). മത്തായിയുടെ സുവിശേഷം മിശിഹയെന്ന രാജാവായ ക്രിസ്തുവിനോടുകൂടെ രാജ്യത്തെ സംബന്ധിച്ച ഒരു പുസ്തകമാണ്. നിങ്ങൾ യേശുവിനെ വിളിക്കുമ്പോൾ, നിങ്ങൾക്ക് യഹോവയും, രക്ഷകനും, രക്ഷയും, ദൈവവും, ഒടുവിൽ രാജാവും ഉണ്ട്. രാജാവ് ഭരിക്കുന്നു. നാം യേശുവിനെ വിളിക്കുമ്പോൾ, ഉടനെതന്നെ നമ്മുടെമേൽ ഭരണം നടത്തുന്ന ഒരുവനുണ്ട്. നിങ്ങളുടെ ചുമരിൽ അനുചിതമായ ചില ചിത്രങ്ങളോ ഫോട്ടോയോ നിങ്ങൾക്ക് ഉണ്ടായിരിക്കുകയും നിങ്ങൾ യേശുവിനെ വിളിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ നിങ്ങളുടെ രാജാവായിരുന്നുകൊണ്ട് പറയും, "അതിനെ എടുത്തു മാറ്റുക!"

രാജാവായ യേശു നിങ്ങളുടെ ഉള്ളിൽ തന്റെ രാജ്യം സ്ഥാപിക്കുവാനും, നിങ്ങളുടെ ഹൃദയത്തിൽ ദാവീദിന്റെ

സിംഹാസനം വയ്ക്കുവാനും ഉദ്ദേശിക്കുന്നു. നിങ്ങൾ എത്രയധികം യേശുവിനെ വിളിക്കുന്നുവോ, അത്രയധികം ഭരിക്കുന്ന ശക്തി അവിടെ ഉണ്ടായിരിക്കും. നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ, ശ്രമിച്ചുനോക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. പത്തു മിനിട്ട് യേശുവിന്റെ നാമത്തെ വിളിക്കുകയും എന്താണു സംഭവിക്കുന്നതെന്നു കാണുകയും ചെയ്യുക. രാജാവ് നിങ്ങളുടെമേൽ ഭരണം നടത്തുകയും നിങ്ങളെ ശല്യപ്പെടുത്തുകയും ചെയ്യും. മറ്റുള്ളവരോടുള്ള, പ്രത്യേകിച്ചും നിങ്ങളുടെ ഭാര്യയോടോ ഭർത്താവിനോടോ ഉള്ള നിങ്ങളുടെ മനോഭാവം ഒരിക്കലും ശരിയായിരുന്നില്ലെന്നും നിങ്ങൾ ഭരിക്കപ്പെടണമെന്നും അവൻ ആദ്യ രാത്രിയിൽ നിങ്ങളോടു പറഞ്ഞേക്കാം. അവന്റെ നാമത്തെ വിളിക്കുക, അവനാൽ നിങ്ങൾ ഭരിക്കപ്പെട്ടിരിക്കും.

യേശു അത്ഭുതവാനായ ഒരു വ്യക്തിയാണ്. അവൻ യഹോവയും, ദൈവവും, രക്ഷകനും, രാജാവും ആണ്. രാജാവ് ജനിച്ചിരിക്കുന്നു, അവൻ ഇന്ന് ഇവിടെ ഉണ്ട്. എല്ലാ ദിവസവും, രാവിലെയും വൈകുന്നേരവും, നമ്മുടെ രക്ഷകനായും നമ്മുടെ രാജാവായും രാജാക്കന്മാരുടെ രാജാവായും നാം ക്രിസ്തുവിനെ വിലമതിക്കുന്നു.

ആർക്കും നിങ്ങളുടെമേൽ ഭരണം നടത്തുവാൻ കഴിയാതിരിക്കുമ്പോൾ, ഈ രാജാധിരാജാവ് നിങ്ങളെ ഭരിക്കുവാൻ പ്രാപ്തനായിരിക്കും. ആർക്കും—നിങ്ങളുടെ മാതാപിതാക്കൾക്കോ, നിങ്ങളുടെ ഭർത്താവിനോ, നിങ്ങളുടെ ഭാര്യക്കോ, നിങ്ങളുടെ മക്കൾക്കോ—നിങ്ങളെ നിയന്ത്രിക്കുവാൻ കഴിയാതിരിക്കുമ്പോൾ, രാജാധിരാജാവ് ചിലതു ചെയ്യും. യേശുവിന്റെ നാമത്തെ വിളിക്കുക മാത്രം ചെയ്യുക. നിങ്ങൾ അങ്ങനെ ചെയ്യുന്നുവെങ്കിൽ, നിങ്ങൾ യഹോവയെയും, രക്ഷകനെയും, രക്ഷയെയും, ദൈവസാന്നിധ്യത്തെയും, യേശുവിന്റെ രാജത്വത്തെയും ആസ്വദിക്കും. രാജാവായ യേശു നിങ്ങളിൽ ജനിക്കുകയും, അവൻ തന്റെ രാജ്യം നിങ്ങളിൽ സ്ഥാപിക്കുകയും ചെയ്യും. ഈ യേശുക്രിസ്തുവിനെയാണ് നാം മത്തായിയിൽ കാണുന്നത്.

മത്തായിയിലുള്ള ക്രിസ്തു സ്വർഗരാജ്യം നമ്മുടെ ഉള്ളിലും നമ്മുടെമേലും സ്ഥാപിക്കുന്ന രക്ഷകൻ-രാജാവും, രാജ-രക്ഷകനുമാണ്. മത്തായി ഒന്നാം അധ്യായം നമുക്ക് ഈ രാജാവിന്റെ ഉത്ഭവം നൽകുക മാത്രമല്ല, അത് ഈ രാജാവിന്റെ സാന്നിധ്യവും നമുക്കു നൽകുന്നു. ഈ രാജാവിന്റെ പേര് യേശു എന്നാണ്. നാം അവന്റെ നാമത്തെ വിളിക്കുമ്പോഴെല്ലാം നമ്മെ രക്ഷിച്ചുകൊണ്ട് നമ്മുടെ ഉള്ളിൽ അവൻ ഭരിച്ചുകൊണ്ടിരിക്കുന്നു എന്ന ബോധം നമുക്കുണ്ട്. നമ്മുടെ ഉള്ളിൽ അവൻ സ്വർഗരാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഹല്ലേലൂയ്യാ, ഇതാണ് നമ്മുടെ ക്രിസ്തു!